പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3281      19.06.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി ആധുനികവത്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോർജ് എം. തോമസ് | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ മന്ത്രി) |

| | |
|---|---|
| കെ.എസ്.ആർ.ടി.സി യിലെ പ്രതിസന്ധി പരിഹരിക്കുന്നതിനും ആധുനികവത്കരിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ; | കെ.എസ്.ആർ.ടി.സി.യിലെ പ്രതിസന്ധി പരിഹരിക്കുവാൻ സർക്കാർ പ്രഖ്യാപിച്ച പ്രത്യേക പാക്കേജ് പ്രകാരം കെ.എസ്.ആർ.ടി.സി. നിലവിൽ എടുത്തിട്ടുണ്ടായിരുന്ന കൂടിയ പലിശ നിരക്കിലും ദൈർഘ്യം കുറഞ്ഞ തിരിച്ചടവ് കാലാവധിയിലുമുള്ള വായ്പകളെ പൊതുമേഖല ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് കുറഞ്ഞ പലിശ നിരക്കിലും ദൈർഘ്യം കൂടിയ തിരിച്ചടവ് കാലാവധിയിലും ഉള്ള വായ്പകളാക്കി മാറ്റുവാൻ തീരുമാനിച്ചതിൻ പ്രകാരം 3100 കോടി രൂപയുടെ വായ്പ ലഭ്യമാക്കുകയും അതുകൊണ്ട് നിലവിലുണ്ടായിരുന്ന കടങ്ങൾ തീർക്കുകയും ചെയ്യുകയുണ്ടായി. ഇതിന്റെ ഫലമായി വായ്പാ തിരിച്ചടവ് ഇനത്തിൽ 2 കോടിയോളം രൂപ പ്രതിദിനം കുറവ് വന്നിട്ടുണ്ട്. ഉന്നത മാനേജ്മെന്റ് തലത്തിൽ പ്രൊഫഷണലുകളായ ഉദ്യോഗസ്ഥരെ നിയമിച്ചു വരുന്നു. സഹകരണ മേഖലയുമായി സഹകരിച്ച് പെൻഷൻ വിതരണത്തിന് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.<br>സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് വരുമാനം കുറവുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുന്ന പദ്ധതി ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. 1255 ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം പുനരുദ്ധാരണ പദ്ധതികൾക്ക് ജീവനക്കാരുടെ ഭാഗത്ത് നിന്നും മികച്ച പിന്തുണ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുമുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ മുഴവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും, ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും വേണ്ടി നിരവധി നടപടികൾ |

| | |
|---|---|
| | സ്വീകരിച്ചിട്ടുണ്ട്. കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്ക്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതിക മായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുണ്ട്. സമാന്തര സർവ്വീസുകൾ സംബന്ധിച്ച് കെ.എസ്.ആർ.ടി.സി ഉന്നയിക്കുന്ന പരാതികൾ പരിശോധിക്കുന്നതിന് മോട്ടോർ വാഹന വകുപ്പും പോലീസും ചേർന്ന് സംയുക്ത സ്ക്വാഡ് രൂപീകരിക്കുകയും, ആയത് ഫലപ്രദമായി പ്രവർത്തിച്ചുമൂലം കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി ബസ്സുകളിലേക്ക് ആകർഷിക്കുന്നതിലേക്കും, യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേക്കു മായി പുതിയതരം പുഷ്ബാക്ക് സീറ്റോട് കൂടിയ എയർ എക്സ്പ്രസ് ബസ്സുകളും, സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകളെന്ന പേരിൽ പുതിയ തരം സർവ്വീസുകൾ ഇതിനോടകം തന്നെ ആരംഭിച്ചി ട്ടുണ്ട്. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേക്ക് പുതിയ സർവ്വീസുകളും, വാരാന്ത്യ പ്രത്യേക അന്തർ സംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. കൂടുതൽ പ്രീമിയം ബസുകൾ സർവ്വീസ് ഓപ്പറേഷന് ലഭ്യമാക്കുന്നതിനായി വെറ്റ് ലീസ് വ്യവസ്ഥയിൽ പുതിയ 10 സ്കാനിയ ബസ്സുകൾ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖല കളിൽ ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് മുന്നോടിയായി ജീവനക്കാരുടെ പൂർണ്ണമായ സഹകരണം ഉറപ്പ് വരുത്തുന്നതിനുള്ള ശ്രമങ്ങൾ കൈകൊണ്ടിട്ടുണ്ട്.<br><br>മെക്കാനിക്കൽ ജീവനക്കാരുടെ ജോലി സമയം, ബസുകൾ സർവീസ് പൂർത്തിയാക്കി ഗ്യാരേജിൽ തിരികെ എത്തുന്ന സമയത്തിനനുസൃതമായി പുന:ക്രമീകരിച്ചതിലൂടെ ജോലി ചെയ്യുന്നതിന് വാഹനം ലഭിക്കാതെ ജീവനക്കാർ idle ചെയ്യുന്നത് |

| | |
|---|---|
| | ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്. മെക്കാനിക്കൽ ജീവനക്കാരുടെ അധ്വാന ഭാരം കുറച്ച് ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിന് ആധുനിക ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. മെക്കാനിക്കൽ വിഭാഗത്തിൽ വർക്ക് നോംസ് പരിഷ്കരിച്ച് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും, മനുഷ്യപ്രയത്നത്തിന്റെ ആവശ്യകത കുറയ്ക്കുന്നതിനും ഉള്ള നടപടികളുടെ ഭാഗമായി ഇതു സംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരളാ സംസ്ഥാന പ്രൊഡക്റ്റിവിറ്റി കൗൺസലിനെ ചുമതലപ്പെടുത്തുകയും അവരുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ ജോബ് നോംസ് പരിഷ്കരിച്ച് നടപ്പിലാക്കി വരികയുമാണ്. ഫ്ളീറ്റ് യൂട്ടിലൈസേഷൻ നിലവിലുള്ളതിൽ നിന്നും ദേശീയ ശരാശരിയിലേക്ക് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.<br>കെ.എസ്.ആർ.ടി.സി.യ്ക്ക് നിലവിൽ ലഭിച്ചു കൊണ്ടിരിക്കുന്ന ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി യൂണിറ്റുകളിൽ പ്രവർത്തിച്ചു വരുന്ന സ്റ്റാളുകൾ എൽ.ആർ.സ്റ്റാൾ, ക്യാന്റീൻ ലൈസൻസ് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന മറ്റ്സ്ഥാപനങ്ങൾ എന്നിവയുടെ ലൈസൻസ് കാലാവധി 3 വർഷമായി നിജപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ 3 വർഷം പൂർത്തികരിച്ച ലൈസൻസുകൾ റദ്ദ് ചെയ്ത് പുനർ ലേലം നടത്തുകയും ആയതിലൂടെ പ്രതിമാസ ലൈസൻസ് ഫീസ് ഇനത്തിൽ പതിൻമടങ്ങ് വർദ്ധനവ് വരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. ഇത് കൂടാതെ എല്ലാ ബസ് സ്റ്റേഷനുകളിലും മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നതിനും കെ.എസ്.ആർ. ടി.സി ബസ് സ്റ്റേഷനുകളിൽ പരസ്യ പ്രദർശനത്തിന് ജില്ലാ അടിസ്ഥാനത്തിൽ ലൈസൻസികളെ കണ്ടെത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു. ആയതിനൊപ്പം വാണിജ്യ സമുച്ചയങ്ങളിൽ മൾട്ടി പ്ലക്സ് സിനിമാ ശാലകൾ സ്ഥാപ്പിച്ച് പ്രവർത്തിക്കുന്നതിന് ലൈസൻസിയെ കണ്ടെത്തുന്നതിനുള്ള പദ്ധതിയും വിഭാവനം ചെയ്തിട്ടുണ്ട്. നിലവിൽ പ്രതിമാസ വാടകയിനത്തിൽ 12,27,622 രൂപയുടെ വർദ്ധനവ് വന്നിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ. ടി.സി നിലവിൽ കരാർ വ്യവസ്ഥയിൽ ഓടിക്കുന്ന wet lease ബസ്സുകളിൽ പരസ്യം പതിക്കുന്നതിന് ടെണ്ടർ നടപടി സ്വീകരിച്ചത് വഴി 303000/- രൂപ പ്രതിമാസം ലഭിച്ചുവരുന്നു. |

| | |
|---|---|
| | പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഐ.ടി.എസ് സംവിധാനത്തിലെ ജി.പി.എസിൽ നിന്നും ലഭ്യമാകുന്ന ഡേറ്റ ഉപയോഗിച്ച് പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ടി സംവിധാനം പൂർണ്ണമായി നടപ്പിലാക്കി കഴിയുമ്പോൾ ഓരോ സ്റ്റേഷനിലും ബസ് എത്തിച്ചേരുന്ന സമയം ലഭ്യമാക്കുവാൻ സാധിക്കും. കെ.എസ്.ആർ.ടി.സി.യിൽ പരിഷ്കരിച്ച ഓൺലൈൻ റിസർവേഷൻ സംവിധാനം 2016-ൽ നടപ്പിലാക്കിയിരുന്നു. ഇപ്പോൾ 317 സർവ്വീസുകളിൽ (സൂപ്പർക്ലാസ് സർവ്വീസുകൾ ഉൾപ്പടെ) ഓൺലൈൻ റിസർവേഷൻ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കെ.യു.ആർ.ടി.സി.യുടെ 62 സർവ്വീസുകളിലും ഈ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. Mobile App വഴി ടിക്കറ്റ് മുൻകൂർ ബുക്ക് ചെയ്യുന്നതിനുള്ള സംവിധാനം നടപ്പിലാക്കി കഴിഞ്ഞു. കൂടാതെ നിലവിൽ ഉപയോഗിച്ചുവരുന്ന ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീനുകളുടെ കാലാവധി തീരുന്നതിനാൽ പുതിയ സാങ്കേതിക വിദ്യകൾ ഉൾപ്പെടുന്ന (Smart card, QR code, ബസിൽ നിന്നുതന്നെ റീചാർജ് ചെയ്യാൻ സാധിക്കുന്ന RFID കാർഡ്) ഇ.ടി.എം.-കൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വരുമാന ചോർച്ച കുറയ്ക്കുന്നതിനും സർവ്വീസുകൾ പുനഃക്രമീകരിക്കുന്നതിനും ഇത് ഉപകാരപ്രദമായിരിക്കും. ആർ.എഫ്.ഐ.ഡി. സാങ്കേതിക വിദ്യ ഉൾക്കൊള്ളിച്ചുകൊണ്ട് കൺസെഷൻ ടിക്കറ്റുകൾ, വിവിധതരം പാസുകൾ എന്നിവ ഇലക്ട്രോണിക് രീതിയിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**